# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.265 11.10.2011 - ൽ മറുപടിക്ക്**

## ദേശീയപാതാ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.എ.കെ.ബാലൻ**<br>**ശ്രീ.കെ.കെ.നാരായണൻ**<br>**ശ്രീമതി.പി.അയിഷാ പോറ്റി** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാതാ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ലക്ഷ്യവും പുരോഗതിയും വിശദമാക്കാമോ; | (എ) ദേശീയപാതാവികസനത്തിനായുള്ള സ്ഥലമെടുപ്പ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരമാണ് നടത്തി വരുന്നത്. സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി ഒരു പുനരധിവാസ പാക്കേജ് സർക്കാർ തയ്യാറാക്കി വരികയാണ്. പ്രസ്തുത പാക്കേജ് തീരുമാനമാകാത്തതിനാൽ സ്ഥലമെടുപ്പ് തൽക്കാലം നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ഭൂമിയും തൊഴിലും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനുള്ള പ്രത്യേക പദ്ധതിയുടെ അന്തിമരൂപം എന്താണ്; | (ബി) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസപാക്കേജ് സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ പുനരധിവാസ, പുന: ക്രമീകരണ നയത്തിന്റ കരട് പരിശോധിച്ച് നിർദ്ദേശങ്ങൾ |

സമർപ്പിക്കുന്നതിലേക്കായി 13.09.2011 -ലെ സ.ഉ.(സാധാ)3971/2011/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് മന്ത്രി (കൺവീനർ), പൊതുമരാമത്ത് വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് മന്ത്രി, ഊർജ്ജ വകുപ്പ് മന്ത്രി എന്നിവരടങ്ങുന്ന ഉപസമിതിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (സി) ദേശീയപാതാ വികസനം പൂർണ്ണതോതിൽ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) സ്ഥലമെടുപ്പ് പൂർത്തിയായാൽ രണ്ട് വർഷത്തിനകം പണി പൂർത്തിയാക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ